**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **05-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. . തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന 127,95,18,831/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. കൂടാതെ ക്ഷീരസാന്ത്വനം ഇൻഷ്വറൻസിനായി 500 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, |

| | | | |
|---|---|---|---|
| | | | ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ഇനം | ആകെ തുക |
|---|---|---|
| 1 | പെൻഷൻ | 121,06,16,650/- |
| 2 | കുടുംബ പെൻഷൻ | 2,77,54,300/- |
| 3 | വിവാഹ ധനസഹായം | 67,90,000/- |
| 4 | മരണാനന്തര ധനസഹായം | 55,09,000/- |
| 5 | ക്ഷീര സുരക്ഷ പദ്ധതി | 53,39,347/- |
| 6 | വിദ്യാഭ്യാസ ധനസഹായം | 5,81,000/- |
| 7 | കോവിഡ് ധനസഹായം(ക്ഷീര സംഘങ്ങൾക്ക്) | 31,94,534/- |
| 8 | കോവിഡ് ധനസഹായം(കർഷകർക്ക്)(10,000/-) | 1,13,70,000/- |
| 9 | കോവ്ഡ് നിരീക്ഷണത്തിലെ കർഷകർക്കുള്ള ധനസഹായം | 1,64,000/- |
| 10 | കോവിഡ് പോസിറ്റീവ് ധനസഹായം(5000/-) (രണ്ടാം തരംഗം) | 81,35,000/- |
| 11 | മികച്ച ക്ഷീരകർഷകനുള്ള അവാർഡ് | 65,000/- |
| | ആകെ(രൂപ) | 127,95,18,831/- |